# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*394** **20.03.2018 ൽ മറുപടിയ്ക്ക്**

## ജൈവ പച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ആദ്യ ജൈവ പച്ചക്കറി ജില്ലയായ കാസർഗോഡിന്റെ കൃഷി-വിപണന രംഗങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി കൃഷി മറ്റ് പ്രദേശങ്ങളിലേക്ക് വിപുലമായ രീതിയിൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അനുവർത്തിച്ച വന്ന കാർഷിക നയം അനുസരിച്ചാണ് ഈ സർക്കാർ പ്രവർത്തിച്ച് വരുന്നത്. സംസ്ഥാനത്തെ ആദ്യത്തെ ജൈവ പച്ചക്കറി ജില്ലയായ കാസർഗോഡ്, 2011-12 മുതൽ വിവിധങ്ങളായ ജൈവ പച്ചക്കറി കൃഷി പദ്ധതികൾ നടപ്പാക്കി വരികയാണ്. ഇപ്രകാരം 2011-12 മുതൽ 2016-17 വരെ ജൈവകൃഷി പദ്ധതി നടത്തിപ്പിനായി കാസർഗോഡ് ജില്ലയിൽ ആകെ 1620.00354 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>കാസർഗോഡ് ജില്ലക്ക് പുറമേ സംസ്ഥാനത്തെ മുഴവൻ ജില്ലകളിലും ജൈവ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) ഉല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പു വരുത്തുന്നതിനും ഈ കൃഷിരീതിയിൽ ഉണ്ടാകുന്ന ഉയർന്ന ചെലവിനനുസരിച്ച് ന്യായവില ഉറപ്പാക്കുന്നതിനും ഏതെല്ലാം തരത്തിൽ ഇടപെടുന്നുവെന്ന് അറിയിക്കാമോ; | ബി) സമഗ്ര ജൈവ കൃഷി പദ്ധതിയിൽ ജി. എ. പി. ക്ലസ്റ്ററുകൾ വഴി ഉല്പാദിപ്പിക്കുന്ന ജൈവ പഴം പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേറ്റ് നൽകുന്നു. നാളിതുവരെ 1462 ജി.എ. പി. സർട്ടിഫിക്കറ്റുകളും 14639 കർഷകരും ഉൾപ്പെട്ടിട്ടുണ്ട്.<br>ജി.എ.പി. ക്ലസ്റ്ററിലെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് കിലോയ്ക്ക് 5 രൂപ അധികമായി ലഭിക്കുന്ന വിധത്തിൽ |

ഇക്കോഷോപ്പുകൾ വഴി വിപണനം നടത്താവുന്നതാണ്.

ജൈവ പച്ചക്കറി ഉല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും ഈ കൃഷി രീതിയിൽ ഉണ്ടാകുന്ന ഉയർന്ന ചെലവിനനുസരിച്ച് ന്യായവില ഉറപ്പാക്കുന്നതിനും വിപണി ഇടപെടൽ എന്ന പദ്ധതിയിലൂടെ കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി എഫ്. പി. സി. കെ എന്നിവരുടെ സഹകരണത്തോടെ കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പഴം പച്ചക്കറികൾ പൊതു വിപണിയിലെ വിലയേക്കാൾ 20% അധിക വില നൽകി ഓണം, ബക്രീദ്, വിഷു മുതലായ ഉത്സവ സീസണിൽ കർഷകരിൽ നിന്നും സ്വീകരിക്കുന്നു.

| | |
|---|---|
| സി) കീടബാധ നിയന്ത്രണത്തിനും ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, ജൈവ വളം, ജൈവ കീടനാശിനികൾ എന്നിവയുടെ ആവശ്യാനുസരണമുള്ള ലഭ്യത ഉറപ്പാക്കുന്നതിനും പദ്ധതിയുണ്ടോ എന്നറിയിക്കാമോ? | സി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 ജില്ലാ ഫാമുകൾ, 14 സ്പെഷ്യൽ ഫാമുകൾ, 8 കോക്കനട്ട് നേഴ്സറികൾ, 33 സീഡ് ഫാമുകൾ എന്നിവ വഴി ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ പച്ചക്കറി വികസന പദ്ധതിയിൽ 46 ബ്ലോക്ക് ലെവൽ നേഴ്സറികൾ വഴി ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വി.എഫ്.പി.സി.കെ യുടെ ആഭിമുഖ്യത്തിൽ എറണാകുളം നടുക്കരയിൽ പ്രവർത്തിക്കുന്ന ഹൈടെക് പ്ലഗ് നെഴ്സറി പ്രതിവർഷം 2 കോടി പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കാൻ ശേഷിയുള്ളതാണ്. ആവശ്യമായ പച്ചക്കറി തൈകൾ ഇവിടെ ഉല്പാദിപ്പിച്ചു വരുന്നു. |

വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷണ മൂലകങ്ങളുടെ ഏറ്റക്കുറച്ചിൽ എന്നിവ ഫീൽഡ് തല നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിന് ആവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 2013-14 മുതൽ വിള ആരോഗ്യപരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു.

തെങ്ങ് കൃഷി കീടരോഗ നിയന്ത്രണം സാധ്യമാക്കുന്നതിന് കർഷക കൂട്ടായ്മ-

കളിലൂടെ കീടരോഗ ബാധിതമായ പ്രദേശം മുഴുവൻ കേന്ദ്രീകരിച്ച് ക്യാമ്പയിൻ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ ഉൾപ്പെടുത്തി ധനസഹായം നൽകുന്നു. അടിയന്തിര ഘട്ടങ്ങളിൽ വിളകൾക്ക് കീടരോഗബാധ നിയന്ത്രണത്തിന് മരുന്നുകളുടെ വിലയും തളിക്കൂലിയും ഉൾപ്പെടെയുള്ള ധനസഹായം, വരൾച്ചയും കീടരോഗബാധയും നിയന്ത്രിക്കുന്നതിനുള്ള കണ്ടിജൻസി പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു.

വിളകളിൽ ഉപയോഗിക്കുന്ന ജൈവകീടരോഗ നിയന്ത്രണ ഉപാധികൾ ഉൽപാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിനായി തൃശ്ശൂർ മണ്ണുത്തിയിൽ ഒരു സംസ്ഥാന ബയോകൺട്രോൾ ലാബ് പ്രവർത്തിക്കുന്നു.

ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജണൽ സെൻറർ ഫോർ ഓർഗാനിക് ഫാമിംഗ്, (RCOF) ഹൈദരാബാദ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് ഹെൽത്ത് മാനേജ്മെൻറ് (NIPHM) എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ജൈവ വളങ്ങളുടേയും ജൈവ കീടനാശിനികളുടേയും പരിശോധന ഇപ്പോൾ നടത്തി വരുന്നത്.

പാലക്കാട് പട്ടാമ്പിയിൽ പുതുതായി നിർമ്മാണം പൂർത്തിയാക്കിയ ജൈവ ജീവാണു വള ഗുണ പരിശോധനാശാല (BOQCL) ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതോടെ കൂടുതൽ ജൈവ വള സാമ്പിളുകളുടെ പരിശോധന സാദ്ധ്യമാകും.

ജൈവ വളങ്ങളുടേയും ജൈവ കീട നാശിനികളുടേയും സാമ്പിളുകൾ ആവശ്യാനുസരണം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് രണ്ടു ഗുണപരിശോധന ശാലകൾ കൂടി കൃഷി വകുപ്പിനു കീഴിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഇപ്പോൾ അംഗീകാരം നൽകിയിട്ടുണ്ട്.

നിയമപരമായി രജിസ്റ്റർ ചെയ്യിട്ടില്ലാത്ത നിരവധി ജൈവ വളങ്ങളും ജൈവ കീടനാശിനികളും വിപണിയിൽ വൻതോതിൽ

ലഭ്യമാണ്. ഇവയുടെ സാമ്പിളുകൾ പ്രത്യേകമായി പരിശോധിക്കുന്നതിനും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി മാർഗ്ഗരേഖകൾ നിശ്ചയിക്കുന്നതിനുമായി ഒരു പ്രത്യേക പ്രോജക്ട് കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ നടപ്പാക്കുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

2016-17 ൽ VFPCK മുഖേന ജൈവ വളം ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനുമായി എറണാകുളത്ത് പ്രവർത്തിക്കുന്ന കൃഷി ബിസിനസ്സ് കേന്ദ്രയ്ക്ക് 72 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

മുൻസിപ്പൽ വേസ്റ്റിൽ നിന്ന് സിറ്റി കംമ്പോസ്റ്റ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ മെട്രിക് ടണ്ണിന് 1500 രൂപ ധനസഹായം നൽകുന്നുണ്ട്. FACT, മദ്രാസ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് എന്നീ കമ്പനികൾ ഈ പദ്ധതിയിൻ കീഴിൽ സിറ്റി കംമ്പോസ്റ്റ് വിതരണം ചെയ്യുന്നുണ്ട്.

കേരളത്തിൽ ഒരു വർഷം ശരാശരി 1800 മെട്രിക് ടൺ ജീവാണുവളങ്ങളും വിതരണം ചെയ്യപ്പെടുന്നുണ്ട്.

കേരളത്തിൽ 68 സ്ഥാപനങ്ങൾക്ക് ജൈവ വളം നിർമ്മിക്കുന്നതിന് ഉല്പാദന ലൈസൻസ് നൽകിയിട്ടുണ്ട്.

Mayap

**സെക്ഷൻ ഓഫീസർ**